എസ്.ബി.ഐ ശാഖകൾ അടച്ചുപൂട്ടുന്നതിൽ പ്രതിഷേധം

തിരുവനന്തപുരം: എസ്.ബി.ഐയിലെ കേരളത്തിലെ വിവിധ ശാഖകൾ അടച്ചുപൂട്ടുന്നതിൽ എസ്.ബി.ഐ എംപ്ലോയീസ് ഫെഡറേഷൻ (ബെഫി) പ്രതിഷേധിച്ചു. ശാസ്ത്രീയമായ യാതൊരുപഠനവും നടത്താതെയാണ് ശാഖകൾ പൂട്ടുകയും ലയിപ്പിക്കുകയും ചെയ്യുന്നത്. പ്രതിഷേധസൂചകമായി വിവിധ കേന്ദ്രങ്ങളിൽ ബെഫി പ്രവർത്തകർ ധർണ നടത്തി. തിരുവനന്തപുരത്ത് എസ്. ബി.ഐ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന് മുന്നിൽ നടത്തിയ ധർണ ബെഫി സംസ്ഥാന ജനറൽ സെക്രട്ടറി കെ. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

കേരള ഫിഷറീസ് സമുദ്ര പഠനസർവകലാശാലയിലെ എം.എസ്‌സി സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയിൽ മൂന്നാം റാങ്ക് ലഭിച്ച അശ്വനി ഭുവനേന്ദ്രൻ. കള്ളിക്കാട് ഉലയൻകോണം അനീഷാ ഭവനിൽ ഭുവനേന്ദ്രന്റെയും ഇന്ദിരയുടെയും മകളാണ്

വിന്റിംഗ്മെഷിൻ ഉദ്ഘാടനം ചെയ്തു

കഴക്കൂട്ടം: കഴക്കൂട്ടം വനിത ഐ.ടിയിൽ സ്ഥാപിച്ച വിന്റിംഗ്മെഷിനിന്റെ ഉദ്ഘാടനം മേയർ വി.കെ. പ്രശാന്ത് നിർവഹിച്ചു. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ അദ്ധ്യക്ഷയായ ചടങ്ങിൽ ഡബിംഗ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മി മുഖ്യ അതിഥിയായി. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ. ശ്രീകുമാർ, പ്രിൻസിപ്പൽ ബിന്ദു കെ.എസ്, ചെയർപേഴ്സൺ അഖിലാ പ്രകാശ് തുടങ്ങിയവർ സംസാരിച്ചു.

പണിമുടക്ക് പരാജയമെന്ന് എംപ്ലോയീസ് അസോസിയേഷൻ

തിരുവനന്തപുരം: കേരള അഡ്മിനിസ്ട്രേറ്റിവ് സർവീസ് ചട്ടങ്ങൾക്ക് മന്ത്രിസഭ അംഗീകാരം നൽകിയതിൽ പ്രതിഷേധിച്ച് സെക്രട്ടേറിയറ്റിലെ ഒരു വിഭാഗം സംഘടനകൾ ആഹ്വാനം ചെയ്ത പണിമുടക്ക് പരാജയമായിരുന്നെന്ന് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ പ്രസ്താവനയിൽ അറിയിച്ചു. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും സാധാരണ നിലയിൽ പ്രവർത്തിച്ചു. അനവസരത്തിലുള്ളതും രാഷ്ട്രീയപ്രേരിതവുമായ പണിമുടക്കാഹ്വാനം തള്ളിക്കളഞ്ഞ് ജോലിക്ക് ഹാജരായ ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി എം.എസ്. ബിജുക്കുട്ടൻ അഭിനന്ദിച്ചു.

കേരള ഹിന്ദി സാഹിത്യ അക്കാഡമി അംഗമായും അക്കാഡമി ത്രൈ മാസികയായ ശോധപത്രികയുടെ എക്സിക്യൂട്ടീവ് എഡിറ്ററായും തിരഞ്ഞെടുക്കപ്പെട്ട ആർ.എസ്. വിഷ്ണു. തിരുവനന്തപുരം എം.ജി കോളേജിൽ ഹിന്ദി വിഭാഗത്തിൽ ഗവേഷക വിദ്യാർത്ഥിയാണ്

ഫോറം സമർപ്പിക്കണം

തിരുവനന്തപുരം: ഇ.പി.എഫ് പെൻഷൻകാരുടെ മരണശേഷം ആശ്രിതർക്ക് പെൻഷൻ തുടർന്നും ലഭിക്കുന്നതിന് അതത് കമ്പനികളിൽ ഓപ്ഷൻഫോറം സമർപ്പിക്കണമെന്ന് സേവ് ഇ.പി.എഫ് പെൻഷണേഴ്സ് ഫോറം സംസ്ഥാന പ്രസിഡന്റ് എൻ.കെ. പ്രേമചന്ദ്രൻ എം.പിയും ജനറൽ സെക്രട്ടറി വി. ബാലകൃഷ്ണനും അറിയിച്ചു.

ഇസ്ലാമിക് കാമ്പസ്ഫെസ്റ്റ്

തിരുവനന്തപുരം: ഡിസംബർ 23ന് കൊല്ലത്ത് നടക്കുന്ന എസ്.ഐ.ഒ ദക്ഷിണ കേരള സമ്മേളനത്തിന്റെ ഭാഗമായി എസ്.ഐ.ഒ സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന ഇസ്ലാമിക് കാമ്പസ് ഫെസ്റ്റ് ഒക്ടോബർ 29ന് തിരുവനന്തപുരത്ത് നടക്കും. പാളയം ജുമാമസ്ജിദ് ആഡിറ്റോറിയം, ഭാഗ്യമാല ആഡിറ്റോറിയം, എം.ഇ.എസ്ഹാൾ എന്നീ വേദികളിലായി നടക്കുന്ന മത്സരങ്ങളിൽ സംസ്ഥാനത്തെ വിവിധ ഇസ്ലാമിക കലാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുക്കും.

ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി ഖുറാൻ പാരായണം, ഹിഫ്ള, പ്രസംഗം (അറബി, ഇംഗ്ലീഷ്, മലയാളം) ഖുറാൻ ദർസ് എന്നീ മത്സരങ്ങൾ നടക്കും. ഫോൺ: 9809112493, 9747988762

പഞ്ചായത്ത് എംപ്ലോയിസ് ഓർഗനൈസേഷൻ ധർണ

തിരുവനന്തപുരം: സംസ്ഥാനത്തെ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ സീനിയോറിട്ടി ലിസ്റ്റ് തയാറാക്കി 3 മാസത്തിനകം നടപടിപൂർത്തിയാക്കണമെന്നുള്ള കോടതി വിധിയിൽ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് കേരള പഞ്ചായത്ത് എംപ്ലോയിസ് ഓർഗനൈസേഷൻ ജില്ലകളിൽ കളക്ടറേറ്റ് ധർണ നടത്തി.

തിരുവനന്തപുരം കളക്ടറേറ്റിൽ നടന്ന ധർണ സംസ്ഥാന ജനറൽസെക്രട്ടറി കെ. ബാബു ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് എസ്. കെ. സായൂർദേവൻ, ജില്ലാപ്രസിഡന്റ് പ്രസന്നകുമാർ, സെക്രട്ടറി വിനോദ് തുടങ്ങിയവർ പങ്കെടുത്തു.

കോവളം-കോട്ടുകാൽ നാലുവരിപ്പാത ഡിസംബറിൽ പൂർത്തിയാകും

ഷാജിമോൻ

കോവളം: കോവളം ജംഗ്ഷനിൽ നിന്ന് കോട്ടുകാലിലേക്കുള്ള നാലര കിലോമീറ്റർ നാലുവരിപ്പാതയുടെ നിർമ്മാണം ഡിസംബർ അവസാനത്തോടെ പൂർത്തിയാകും. ജനുവരി ആദ്യവാരം പാത തുറന്നുകൊടുക്കാനാണ് അധികൃതരുടെ തീരുമാനം.

ഇടയ്ക്കിടെയുള്ള മഴ നിർമ്മാണ പ്രവർത്തനത്തിന് തടസമാകുന്നുണ്ട്. കഴക്കൂട്ടം മുതൽ കോട്ടുകാൽ വരെയുള്ള ഇരുപത്തിയാറര കിലോമീറ്ററിൽ 22 കിലോമീറ്റർ റോഡ് പൂർത്തിയായി. ബാക്കി നാലര കിലോമീറ്റർ റോഡിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാവാൻ മൂന്നുമാസമെടുക്കും. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോവളം ജംഗ്ഷനിൽ നിന്ന് ആഴാകുളം വഴിയുള്ള ഗതാഗതം ഒരു ദിശയിലേക്ക് മാറ്റിയിരിക്കുകയാണ്. ഇതോടെ ഈ റൂട്ടിൽ രാവിലെയും വൈകിട്ടും ഗതാഗതക്കുരുക്ക് ഉണ്ടാവാറുണ്ട്. കോവളം ജംഗ്ഷനിൽ നിന്ന് കോട്ടുകാലിലേക്കുള്ള നാലുവരിപ്പാതയിൽ ആഴാകുളം ഭാഗത്ത് നിർമ്മിച്ച അടിപ്പാത വഴിയാണ് ഇപ്പോൾ വാഹനങ്ങൾ പോകുന്നത്. മൂന്നുമാസം വരെ ഈ സ്ഥിതി തുടരേണ്ടിവരുമെന്ന് അധികൃതർ പറഞ്ഞു.

നിർമ്മാണം പൂർത്തിയാകുന്ന കോവളം - കോട്ടുകാൽ നാലുവരിപ്പാത

സർവീസ് റോഡിനോട് ചേർന്ന് ആറുമീറ്റർ ഉയരത്തിൽ മതിൽ നിർമ്മിച്ച് മണ്ണിട്ട് നികത്തിയാണ് കോവളം ഭാഗത്ത് നാലുവരിപ്പാത നിർമ്മിക്കുന്നത്. കോവളം ജംഗ്ഷനിൽ നിന്ന് കോട്ടുകാലിലേക്കുള്ള ഈ ഭാഗം താഴ്ചയേറിയതായതിനാൽ രണ്ടു സർവീസ് റോഡുകളുടെയും മദ്ധ്യത്തിലായി മണ്ണിടിച്ചിൽ തടയുന്ന ഗാബിയോൺ മതിൽ നിർമ്മാണവും പൂർത്തിയായി വരുന്നു. ഗാബിയോൺ മതിലിനോട് ചേർന്ന് നിർമ്മിക്കുന്ന നീളം കൂടിയ ഓടയുടെ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ അടക്കമുള്ള പ്രവൃത്തികളും പൂർത്തിയാകാറായി. നാലുവരിപ്പാത കടന്നുപോകുന്ന വാഴമുട്ടം ഭാഗത്ത് കുന്നുകൾ ചരിവ് രൂപത്തിലാക്കിയ ശേഷം മണ്ണ് ബലപ്പെടുത്തുന്നതിനുള്ള സോയിൽ നെയ്‌ലിംഗ് പ്രവർത്തനവും നടത്തുന്നുണ്ട്. ഇതിനു മുകളിലൂടെ കടന്നുപോകുന്ന സർവീസ് റോഡിനെ സംരക്ഷിക്കാനാണ് സിമന്റും കമ്പിയും ഉപയോഗിച്ചുള്ള സോയിൽ നെയ്‌ലിംഗ് നടത്തുന്നത്. സർവീസ് റോഡിനോട് ചേർന്ന് ഇരുമ്പ് ബാരിക്കേഡും നിർമ്മിച്ചു കഴിഞ്ഞു. വാഴമുട്ടത്ത് മൂന്നിടങ്ങളിൽ സോയിൽ നെയ്‌ലിംഗ് നടത്തുന്നുണ്ട്. ആക്കുളം ഭാഗത്തുള്ള ഈ പ്രവർത്തനം പൂർത്തിയാക്കിയതായും അധികൃതർ അറിയിച്ചു.

ഭീമയിൽ ദ ഗ്രേറ്റ് ദീവാലി ഫെസ്റ്റീവ് സെയിൽ

തിരുവനന്തപുരം : ജുവലറി ഗ്രൂപ്പായ ഭീമ ദീപാവലിയോടനുബന്ധിച്ച് അവതരിപ്പിക്കുന്ന ദ ഗ്രേറ്റ് ദീവാലി ഫെസ്റ്റീവ് സെയിലിന് കഴിഞ്ഞദിവസം തുടക്കമായി. 22 വരെ നീണ്ടുനിൽക്കുന്ന ഫെസ്റ്റിവലിന്റെ പ്രധാന ആകർഷണം പണിക്കൂലിയിലെ അവിശ്വസനീയമായ ഇളവുകളാണ്.

സവിശേഷഡിസൈനുകളിലുള്ള ആഭരണശേഖരവും ഈ ഫെസ്റ്റിവലിന്റെ ഭാഗമായി ഭീമയുടെ ഷോറൂമുകളിൽ ഒരുക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് മറക്കാനാകാത്ത ഷോപ്പിംഗ് അനുഭവമായിരിക്കും ഇതെന്ന് ഭീമയുടെ ചെയർമാൻ ഡോ. ബി. ഗോവിന്ദനും മാനേജിംഗ് ഡയറക്ടർ സുഹാസ് റാവുവും പറഞ്ഞു. വിവാഹപ്പാർട്ടികൾക്കായി പ്രത്യേക പാക്കേജും ഒരുക്കിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഫോൺ: തിരുവനന്തപുരം- 0471 2461631, 2463645, ആറ്റിങ്ങൽ - 0470 2626777, 2620777.

പുസ്തകോത്സവം തുടങ്ങി

തിരുവനന്തപുരം: പി. പരമേശ്വരൻ നവതി ആഘോഷങ്ങളുടെ ഭാഗമായി ഭാരതീയ വിചാരകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള പുസ്തകോത്സവം സ്റ്റാച്യു ചിരാഗ് മൈതാനത്ത് ആരംഭിച്ചു. എൻ. പ്രസന്നകുമാറിന്റെ അദ്ധ്യക്ഷതയിൽ ഡോ. ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്തു. ആശയങ്ങളെയും പുസ്തകങ്ങളെയും സ്നേഹിച്ച പി. പരമേശ്വരൻ കേരളീയ സാമൂഹ്യജീവിതത്തെ ധന്യമാക്കിയെന്ന് ഓണക്കൂർ പറഞ്ഞു. പി. പരമേശ്വരനും ചടങ്ങിൽ പങ്കെടുത്തു. വിചാര കേന്ദ്രം റിസർച്ച് കേന്ദ്രം അക്കാഡമിക് ഡയറക്ടർ ഡോ. കെ.എൻ. മധുസൂദനൻ പിള്ള, നാഷണൽ ബുക് ട്രസ്റ്റ് അംഗം ഇ.എൻ. നന്ദകുമാർ, ജെ. സോമശേഖര പിള്ള എന്നിവരും സംസാരിച്ചു. വൈകിട്ട് നടന്ന കവിയരങ്ങ് കാനായി കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്തു. എല്ലാ ദിവസവും വൈകിട്ട് വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാർ, ചർച്ചാ സമ്മേളനങ്ങൾ എന്നിവ നടക്കും. പുസ്തകോത്സവം 17 വരെ നീണ്ടു നിൽക്കും.

നോട്ട് നിരോധനം തെറ്റായ തീരുമാനം: മന്ത്രി എം.എം. മണി

കിളിമാനൂർ: നോട്ട് നിരോധനവും ജി.എസ്.ടി നടപ്പാക്കിയതും തെറ്റായ തീരുമാനമായിരുന്നെന്ന് മന്ത്രി എം.എം. മണി പറഞ്ഞു. കിളിമാനൂർ സഹകരണ കാർഷിക വികസന ബാങ്കിന്റെ ഗോൾഡൻ ജൂബിലി ആഘോഷം, നവീകരിച്ച ആസ്ഥാനമന്ദിരത്തിന്റെ ഉദ്ഘാടനം എന്നിവയോടനുബന്ധിച്ച് 'നോട്ട് നിരോധനവും ജി.എസ്.ടിയും ഇന്ത്യൻ സമ്പദ്ഘടനയെ എങ്ങനെ ബാധിക്കുന്നു' എന്ന വിഷയത്തിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

നോട്ട്നിരോധനത്തിലൂടെ കേരളത്തിലെ സഹകരണ മേഖലയെ തകർക്കാൻ ശ്രമം നടത്തി. ജി.എസ്.ടി ആവശ്യത്തിന് മുന്നൊരുക്കമില്ലാതെയാണ് നടപ്പിലാക്കിയത്. എത്ര നല്ല ഉദ്ദേശ്യത്തോടെയാണ് കൊണ്ടുവന്നതെങ്കിലും ജി.എസ്.ടി പ്രായോഗികമായി പരാജയമായിരുന്നുവെന്നാണ് തുടർന്നുള്ള നടപടികൾ വ്യക്തമാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ബാങ്ക് ഡയറക്ടർ ജയകുമാർ അദ്ധ്യക്ഷത വഹിച്ചു. ഡോ. എം. രാമലിംഗം വിഷയം അവതരിപ്പിച്ചു. ഇ.ജി. മോഹനൻ മോഡറേറ്ററായിരുന്നു. കിളിമാനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രാജലക്ഷ്മി അമ്മാൾ, ബാങ്ക് സെക്രട്ടറി എസ്. ഗോപാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

കിളിമാനൂർ സഹകരണ കാർഷിക വികസന ബാങ്കിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടന്ന സെമിനാർ മന്ത്രി എം.എം. മണി ഉദ്ഘാടനം ചെയ്യുന്നു

കഴക്കൂട്ടത്തെ സുരക്ഷാസംവിധാനം കാര്യക്ഷമമാക്കാൻ പൊലീസ് ഇടപെട്ടേക്കും

കഴക്കൂട്ടം: ഇതര സംസ്ഥാന തൊഴിലാളികളടക്കം നിരവധി പേർ താമസിക്കുന്ന കഴക്കൂട്ടത്ത് സുരക്ഷയൊരുക്കാൻ പൊലീസ് മുന്നിട്ടിറങ്ങിയെങ്കിലും ചില ഫ്ലാറ്റുടമകളും വീട് വാടകയ്ക്ക് നൽകുന്നവരും സഹകരിക്കാത്തത് വിലങ്ങുതടിയാവുന്നു. മാസങ്ങൾക്ക് മുമ്പ് വ്യാപാരികളെയും റസിഡന്റ്സ് അസോസിയേഷനുകളെയും രാഷ്ട്രീയ പാർട്ടികളെയും ഉൾപ്പെടുത്തി കഴക്കൂട്ടം സൈബർ സിറ്റി പൊലീസിന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് വ്യാപാരികളുടെ സഹായത്തോടെ കഴക്കൂട്ടത്തിന്റെ പ്രധാനഭാഗങ്ങളിലെല്ലാം സി.സി ടിവി കാമറകൾ സ്ഥാപിച്ചു.

ഇതിനോടൊപ്പം ഫ്ലാറ്റുടമകളും വീട് വാടകയ്ക്ക് നൽകുന്നവരും, നിർബന്ധമായും സി.സി ടിവി കാമറയും ലൈറ്റും അതത് കെട്ടിടങ്ങൾക്ക് മുന്നിൽ സ്ഥാപിക്കണമെന്ന് യോഗത്തിൽ തീരുമാനിക്കുകയും ഇക്കാര്യം മാദ്ധ്യമങ്ങൾ വഴി അറിയിക്കുകയും ചെയ്തു. എന്നാൽ ഭൂരിഭാഗം പേരും ഇത് നടപ്പിലാക്കിയിട്ടില്ല, കഴിഞ്ഞ ദിവസം കഴക്കൂട്ടത്തെ ഒരു വ്യാപാരി താമസിച്ചിരുന്ന ഫ്ലാറ്റിൽ നിന്ന് 20 പവനും അമ്പതിനായിരം രൂപയുമാണ് മോഷണം പോയത്.

കാമറയുണ്ടായിരുന്നെങ്കിൽ ഇത്തരം കേസുകൾ എളുപ്പത്തിൽ തെളിയിക്കാമെന്ന് പൊലീസ് പറഞ്ഞു. കഴക്കൂട്ടത്തെ പ്രധാനകവലകളിൽ സ്ഥാപിച്ചിട്ടുള്ള കാമറകൾ പൊലീസിന് ഏറെ ഗുണകരമാണ്. അടുത്തിടെ കഴക്കൂട്ടത്ത് നടന്ന എ.ടി.എം കവർച്ചയിൽ കള്ളൻമാർ പോയ വാഹനം ജംഗ്ഷനിലെ കാമറയുടെ സഹായത്തോടെയാണ് കണ്ടെത്തിയത്. മോഷണം വർദ്ധിക്കുന്ന സാഹചര്യത്തിൽ സുരക്ഷാസംവിധാനം കർശനമാക്കുന്നതിന്റെ ഭാഗമായി സി.സി.ടി.വി കാമറകൾ നിർബന്ധമാക്കാൻ പൊലീസ് ആവശ്യപ്പെട്ടേക്കും.

നവീകരിച്ച കാൻസർ വാർഡുകൾ തുറന്നു

തിരുവനന്തപുരം: മെഡിക്കൽകോളേജ് ആശുപത്രിയെ രോഗി സൗഹൃദമാക്കുന്നതിന്റെ ആദ്യ ചുവടുവയ്പാണ് നവീകരിച്ച കാൻസർ വാർഡുകളെന്ന് മന്ത്രി കെ.കെ. ശൈലജ പറഞ്ഞു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ നവീകരിച്ച കാൻസർ വാർഡുകളുടെയും ഇൻഹൗസ് ബയോമെഡിക്കൽ എൻജിനിയറിംഗ് വിഭാഗത്തിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. മനസിന് കുളിർമ്മയും സന്തോഷവും തരുന്ന മനോഹരവും വൃത്തിയും വെടിപ്പുമുള്ളവയാക്കി മറ്റ് വാർഡുകളേയും മാറ്റും. ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങളുടെ പരിപാലനത്തിനും അറ്റകുറ്റപ്പണികൾ വേഗത്തിൽ നടത്താനും വേണ്ടിയാണ് കേരളത്തിലാദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ബയോ മെഡിക്കൽ എൻജിനിയറിംഗ് വിഭാഗം സ്ഥാപിച്ചതെന്നും മന്ത്രി പറഞ്ഞു. കൗൺസിലർ എസ്.എസ്. സിന്ധു അദ്ധ്യക്ഷത വഹിച്ചു. മെഡിക്കൽകോളേജ് പ്രിൻസിപ്പൽ ഡോ. തോമസ് മാത്യു, വൈസ് പ്രിൻസിപ്പൽ ഡോ. സബൂറബീഗം, ആശുപത്രി സൂപ്രണ്ട് ഡോ. എം.എസ്. ഷർമ്മദ്, എസ്.എ.ടി ആശുപത്രി സൂപ്രണ്ട് ഡോ. എ. സന്തോഷ്കുമാർ, കാൻസർ വിഭാഗം മേധാവി ഡോ. കെ.എൽ. ജയകുമാർ, ഡെപ്യൂട്ടി സൂപ്രണ്ടുമാരായ ഡോ. എസ്.എസ്. സന്തോഷ് കുമാർ, ഡോ. ജോബി ജോൺ, ആർ.എം.ഒ. ഡോ. മോഹൻ റോയ്, ടെക്നിക്കൽ ഓഫീസർ ജി. സുരേഷ് കുമാർ, നഴ്സിംഗ് ഓഫീസർ ബി. ഉദയറാണി, എച്ച്.ഡി.എസ് അംഗം ഡി.ആർ. അനിൽ എന്നിവർ പങ്കെടുത്തു.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: ഫോർട്ട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ പൊയ്യാനി, അരുവിക്കര, മുക്കോലയ്ക്കൽ, പറമ്പിൽ ഏരിയയിൽ മെയിന്റനൻസ്പണി നടക്കുന്നതിനാൽ 13, 16 രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ വൈദ്യുതി പൂർണ്ണമായും തടസപ്പെടും. കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിലെ വൃന്ദാവൻ ട്രാൻസ്ഫോർമറിൽ മെയിന്റനൻസ് പണി നടക്കുന്നതിനാൽ ഇന്ന് രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ വൈദ്യുതി പൂർണമായും തടസപ്പെടും.

ശാന്തിഗിരിയുടെ നവീകരിച്ച ഔഷധശാല പട്ടത്ത് പ്രവർത്തനമാരംഭിച്ചു

തിരുവനന്തപുരം : പട്ടം കൈലാസ് പ്ലാസയിൽ പ്രവർത്തിച്ചുവരുന്ന ശാന്തിഗിരി ആയുർവേദ ആൻഡ് സിദ്ധ ഹെൽത്ത് കെയർ സെന്ററിന്റെ നവീകരിച്ച ഔഷധശാലയുടെ ഉദ്ഘാടനവും ആദ്യ വില്പനയും വി.എസ്. ശിവകുമാർ എം.എൽ.എ നിർവഹിച്ചു.

ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ്സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ സാന്നിദ്ധ്യത്തിൽ ദേശീയ ആയുർവേദ ദിനത്തോടനുബന്ധിച്ചുള്ള "വേദന നിവാരണം ആയുർവേദത്തിലൂടെ" എന്ന തുടർപദ്ധതിയെക്കുറിച്ച് ഡോ. രാജ്കുമാർ വിശദീകരിച്ചു. നഗരസഭ കൗൺസിലർമാരായ രമ്യ രമേശ്, സ്റ്റെഫി ജെ ജോർജ്, സബീർ തിരുമല എന്നിവർ സംസാരിച്ചു. സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി സ്വാഗതവും എസ്. സേതുനാഥ് നന്ദിയും പറഞ്ഞു.

ശാന്തിഗിരിയുടെ ചികിത്സാ തുടർ പദ്ധതിയുടെ ഭാഗമായി 16 ന് രാവിലെ 10 മുതൽ 5 വരെ പ്രത്യേക പ്രമേഹ സ്പെഷ്യാലിറ്റി ക്ലിനിക്കിൽ ഡോ. ശ്രീലക്ഷ്മി പങ്കെടുക്കും. ആയുഷ് മന്ത്രാലയം ദേശീയ ആയുർദിനമായി ആചരിക്കുന്ന ധന്വന്തരി ജയന്തി ദിനമായ 17 ന് "വേദന നിവാരണം ആയുർവേദത്തിലൂടെ" എന്ന വിഷയത്തെ സംബന്ധിച്ച് ശാന്തിഗിരി മെഡിക്കൽ സൂപ്രണ്ട് ഡോ. രാജ്കുമാർ സൗജന്യ ബോധവത്കരണ ക്ലാസ് നടത്തും.

അന്ന് രാവിലെ 10 മുതൽ 1 വരെ നട്ടെല്ല് രോഗ സ്പെഷ്യാലിറ്റി ക്ലിനിക്കിൽ സിദ്ധ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. കെ. ഗോപകുമാർ രോഗികളെ ചികിത്സിക്കും.

ഉച്ചയ്ക്ക് 2 മുതൽ 5 വരെ വാതരോഗ സ്പെഷ്യാലിറ്റി ക്ലിനിക്കിൽ ഡോ. രാജ്കുമാർ പങ്കെടുക്കും. നവീകരിച്ച ഔഷധശാലയിൽ എല്ലാ പ്രമുഖ ആയുർവേദ സിദ്ധ ഔഷധങ്ങൾക്ക് പുറമെ ശാന്തിഗിരിയുടെ ഔഷധ ഉത്പന്നങ്ങൾ 15 ശതമാനം കിഴിവിൽ ലഭ്യമാണ്. രാവിലെ 9 മുതൽ രാത്രി 9 വരെയാണ് പ്രവർത്തനസമയം. ഫോൺ: 8111959007,04712545787

ശാന്തിഗിരിയുടെ നവീകരിച്ച ഔഷധശാല വി.എസ്. ശിവകുമാർ ഉദ്ഘാടനം ചെയ്യുന്നു. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ഡോ. ഷാബെൽ, സബീർ തിരുമല, സ്വാമി വന്ദന രൂപൻ ജ്ഞാനതപസ്വി, എസ്. സേതുനാഥ്, എൻ. നജീബ് എന്നിവർ സമീപം

കെ.എ.എസ് രൂപീകരണ ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടേറിയറ്റ് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിയ മാർച്ച്

സൗജന്യ കൃത്രിമ കാൽവച്ച് നൽകൽ

തിരുവനന്തപുരം: കഴക്കൂട്ടം റോട്ടറി ക്ലബിന്റെയും മുക്തി ഫൗണ്ടേഷന്റെയും ആഭിമുഖ്യത്തിൽ അപകടങ്ങളിൽ കാൽ നഷ്ടപ്പെട്ട 100 പേർക്ക് സൗജന്യമായി കൃത്രിമ കാൽ നിർമ്മിച്ച് നൽകുന്നു. നവംബർ ആദ്യവാരം കഴക്കൂട്ടത്തു വച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇതു സംബന്ധിച്ച മുഴുവൻ ചെലവുകളും മുക്തി ഫൗണ്ടേഷൻ വഹിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് അവസരം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9349115761, 9846150665

കരാറുകാർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി

തിരുവനന്തപുരം: ആൾ കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷന്റെയും കേരള ഗവ. കോൺട്രാക്ടേഴ്സ് ഫെഡറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഗവ. കരാറുകാർ സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തി. വി.കെ.സി. മമ്മദ്കോയ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

ആൾ കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് കെ.സി. ജോൺ അദ്ധ്യക്ഷത വഹിച്ചു. മുൻ മന്ത്രി കെ. ശങ്കരനാരായണ പിള്ള, സംഘടനയുടെ സംസ്ഥാന നേതാക്കളായ സണ്ണി ചെന്നിക്കര, പി. നാഗരതൻ, കെ.ജെ. വർഗീസ്, കെ.എം. അക്ബർ, ജി. തൃദീപ്, പി.വി. കൃഷ്ണൻ, പി. മോഹൻകുമാർ എന്നിവർ പ്രസംഗിച്ചു. പബ്ലിക് ഓഫീസിന് മുന്നിൽ നിന്നാരംഭിച്ച മാർച്ചിന് എം.കെ. ഷാജഹാൻ, ജി. സുന്ദരേശൻ, സോണി മാത്യു, കെ. നന്ദകുമാർ, ജോജി ജോസഫ്, പി.ഐ. ഐസക്ക്, എ.എ. ജോസഫ്, പീരാണിക്കര സുരേഷ്, ബെന്നി കിണറ്റുകര, കെ. സോദരൻ തുടങ്ങിയവർ നേതൃത്വം നൽകി. 16 മുതൽ സംസ്ഥാനത്തെ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും നിറുത്തിവയ്ക്കാനും, ഇന്ന് മുതൽ എല്ലാ ടെൻഡറുകളും ബഹിഷ്കരിക്കാനും തീരുമാനിച്ചതായി ആൾ കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സണ്ണി ചെന്നിക്കര, കേരള ഗവ. കോൺട്രാക്ടേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി പി. നാഗരതൻ തുടങ്ങിയവർ അറിയിച്ചു.

കേരള യൂണിവേഴ്സിറ്റി കരാർ തൊഴിലാളികൾ ധർണ

തിരുവനന്തപുരം: കേരള യൂണിവേഴ്സിറ്റി കരാർ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് കെ.എസ്. ശബരീനാഥൻ എം.എൽ.എ പറഞ്ഞു. കേരള സർവകലാശാല എംപ്ലോയീസ് അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കേരള സർവകലാശാല മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാന വൈസ് പ്രസിഡന്റ് ബാലകൃഷ്ണൻ നായർ, ഡി.സി.സി ഭാരവാഹികളായ വിൻസെന്റ് ഡി. പോൾ, പാറശാല സുധാകരൻ, എം.ജെ. ആനന്ദ്, സയിദ്, കെ.എസ്.യു ജില്ലാ സെക്രട്ടറി വിഷ്ണു, ഷബീർ, ജഹാംഗീർ, യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി കുളത്താമൽ സുരേഷ്, കോലത്തുകര സി. പ്രമോദ്, അജയനാഥ്, പി.കെ. അജിത്, ജി. ശ്രീകുമാർ, ഗോഡ്വിൻ, പ്രീതാകുമാരി, ഉമ തുടങ്ങിയവർ സംസാരിച്ചു.

എംപ്ലോയീസ് അസോസിയേഷൻ
(ഇ.എ.സ്.കെ)
ഇരുപത് വർഷത്തോളമായ
എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ
ഇട്ട ഉത്തരവ് പിൻവലിക്കണ
കരിദിനാച

കേരള യൂണിവേഴ്സിറ്റി കരാർ ജീവനക്കാരുടെ തൊഴിൽ സംരക്ഷണം ഉറപ്പു വരുത്തണമെന്നാവശ്യപ്പെട്ട് എംപ്ലോയീസ് അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മാർച്ച് ശബരീനാഥൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. വിൻസെന്റ് ഡി. പോൾ, പാറശാല സുധാകരൻ, എം.ജെ. ആനന്ദ്, സയിദ്, വിഷ്ണു, ഷബീർ, ജഹാംഗീർ, കുളത്താമൽ സുരേഷ്, കോലത്തുകര സി. പ്രമോദ്, അജയനാഥ് തുടങ്ങിയവർ സമീപം

പരീക്ഷാ പരിശീലനം

തിരുവനന്തപുരം: സംസ്ഥാന യുവജനക്ഷേമ ബോർഡ് മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക്, യൂത്ത് ക്ലബുകൾ, സാംസ്കാരിക സംഘടനകൾ, സ്കൂൾ-കോളേജ് പി.ടി.എ കൾ, ഗ്രന്ഥശാലകൾ തുടങ്ങിയവയുമായി സഹകരിച്ച് പി.എസ്.സി പരിശീലനം നൽകുന്നു. കുറഞ്ഞത് 20 പേർക്കെങ്കിലും പരിശീലനം നൽകാൻ സൗകര്യമുള്ള ക്ലബുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മുൻഗണന. ഒരു കേന്ദ്രത്തിന് പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് 5,000 രൂപയാണ് അനുവദിക്കുന്നത്. പരിശീലന കാലാവധി ഒരു മാസമോ അതിൽ കൂടുതലോ ആകാം. ക്ലബുകളിൽ പരിശീലനം നടത്താനുള്ള സൗകര്യമുണ്ടെങ്കിൽ ക്ലബ് അംഗങ്ങളും ഭാരവാഹികളും യുവജനങ്ങളുടെ ഉന്നമനം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണെന്നുള്ള വാർഡ്/ ബ്ലോക്ക്/ പഞ്ചായത്ത് മെമ്പറുടെ സാക്ഷ്യപത്രം കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേതാണ്. അപേക്ഷ നവംബർ 5 ന് മുമ്പായി ജില്ലാ യൂത്ത് ഇൻഫർമേഷൻ ഓഫീസർ, ജില്ലാ യുവജന കേന്ദ്രം, ജില്ലാ പഞ്ചായത്ത്ഓഫീസ്, പട്ടം, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കണം.

ntribution For
Social Develo
7, New Delhi
EGRATION

ഡൽഹിയിലെ ഡൈനമിക് അച്ചീവേഴ്സ് ഫോറം ഏർപ്പെടുത്തിയ ഇന്ത്യൻ ഡൈനമിക് എഡ്യുക്കേഷണൽ അവാർഡ് ഉത്തരഖണ്ഡ് മന്ത്രി കമൽ സിംഗ് നേഗിയിൽ നിന്ന് ഡോ. ദീപു ജയചന്ദ്രൻ നായർ ഏറ്റുവാങ്ങുന്നു

സ്ത്രീകൾ ഒത്തുചേരുന്നിടം നഗരസഭ സ്ത്രീ സൗഹൃദമാക്കും

തിരുവനന്തപുരം : കഴക്കൂട്ടം ഗവ. വനിതാ ഐ.ടി.ഐ, കഴക്കൂട്ടം റീജിയണൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, കാര്യവട്ടം കാമ്പസ് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നാപ്കിൻ വെൻഡിംഗ് മെഷീൻ വിത്ത് ഇൻസിനറേറ്ററിന്റെ ഉദ്ഘാടനം മേയർ വി.കെ. പ്രശാന്ത് നിർവഹിച്ചു. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ അദ്ധ്യക്ഷത വഹിച്ചു. നഗരസഭാ ആരോഗ്യകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ കെ. ശ്രീകുമാർ സ്വാഗതം പറഞ്ഞു. പ്രശസ്ത ഡബ്ബിംഗ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മി മുഖ്യാതിഥിയായിരുന്നു. കഴക്കൂട്ടം വനിത ഐ.ടി.ഐ പി.ടി.എ പ്രസിഡന്റ് ഖരീം കണിയാപുരം, ഐ.ടി.ഐ കഴക്കൂട്ടം ട്രെയിനിംഗ് കൗൺസിൽ ജനറൽ സെക്രട്ടറി കുമാരി അഖില പ്രകാശ് എന്നിവർ സംസാരിച്ചു. വനിത ഐ.ടി.ഐ കഴക്കൂട്ടം പ്രിൻസിപ്പൽ ബിന്ദു.കെ.എസ് യോഗത്തിന് നന്ദി പറഞ്ഞു. നഗരത്തിൽ സ്ത്രീകൾ ഒത്തുചേരുന്ന സ്ഥലം സ്ത്രീ സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.